**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം) നടപടിക്രമം**

വിഷയം: - ആ.വ.ഡ- ജീവനക്കാര്യം- പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) No. OA EKM659/2021.

2 ) ഉത്തരവ് നം. DHS/7813/2024/ES4 തീയതി: 18/05/2024.

3) GO(Rt) No.376/2025/H&FWD തീയതി: 10/02/2025.

4) കത്ത് നം. DHS/8542/2023-FWA5 തീയതി: 21/02/2025.

5) അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ (എറണാകുളം) നിന്നും 28/02/2025 തീയതിയിൽ ലഭ്യമായ കത്ത് നം G3-OAEKM659/2021/2025032056.

6) ES5/32284/2017/DHS തീയതി: 07/12/2018.

**ഉത്തരവ് നം. DHS/14263/2024-FWA5 തീയതി: 20/05/2025**

ശ്രീമതി.സുഷമ.പി.ആർ-ഉം മറ്റുള്ളവരും ചേർന്ന് പരാമർശം (1) പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1-ന്റെ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ച കേസ് ഫയൽ ചെയ്തിരുന്നതിനാൽ ബഹു: കോടതിയുടെ വിധിന്യായം ലഭ്യമാകുന്നത് വരെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്- 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുള്ളതാണ്. എന്നാൽ സർക്കാരിൽ നിന്നും മേൽ പരാമർശം ( 3 ) പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്ക് താത്ക്കാലിക സ്ഥാനക്കയറ്റം നൽകുവാൻ ഉത്തരവായിട്ടുള്ളതും, നിലവിൽ പബ്ലിക് ഹെൽത്ത് നേഴ്സ് പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികകളിൽ ഒഴിവുള്ളതിനാലും ഫീൽഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സൂപ്പർവിഷൻ നടത്തുന്നതിന് ബുദ്ധിമുട്ടുള്ളതിനാലും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേക്കും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്കും സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച മേൽ പരാമർശം ( 4 ) പ്രകാരം നിയമോപദേശം ആരാഞ്ഞിട്ടുള്ളതും പരാമർശം ( 5 ) പ്രകാരം നിയമോപദേശം ലഭ്യമാകുകയും ചെയ്തിട്ടുണ്ട് ആയതനുസരിച്ച് OA659/2021-ലെ പരാമർശം (6) പ്രകാരമുള്ള Annexure A25 സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകാവുന്നതാണ് എന്നും എന്നാൽ OA659/2021 പ്രകാരമുള്ള കേസിൽ ഉൾപ്പെട്ടിട്ടുള്ള പാർട്ടി റെസ്പോണ്ടന്റ് ആയിട്ടുള്ള ജീവനക്കാർക്ക് അവർക്ക് പ്രൊമോഷന് അർഹതയുണ്ടെങ്കിലും പ്രൊമോഷൻ

നൽകുവാൻ പാടുള്ളതല്ല എന്നും അറിയിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലെ ജീവനക്കാർക്ക് Rule 28(a) of KS&SSR, പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് 43400-91200 എന്ന ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് | പെൻ | ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിലവിലെ ജില്ല | അനുവദിച്ചിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|---|
| **1** | **138** | ശ്രീമതി സരോജിനി .വൈ | **329340** | **23.05.1969** | എഫ് എച്ച് സി ആനന്ദാശ്രമം | കാസർഗോഡ് | പാലക്കാട് |
| **2** | **139** | ശ്രീമതി പ്രസന്നകുമാരി .സി | **332403** | **10.05.1969** | പി എച്ച് സി കൂടൽ | പത്തനംതിട്ട | ഇടുക്കി |
| **3** | **140** | ശ്രീമതി ഉഷാകുമാരി അമ്മ .കെ | **314950** | **26.05.1969** | പി എച്ച് സി തെക്കുംഭാഗം | കൊല്ലം | തൃശൂർ |

മേൽ പറയുന്ന ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ സേവനകാലം നിരീക്ഷണ കാലാവധി ആയിരിക്കുന്നതാണ്. സമയബന്ധിത ഹയർ ഗ്രേഡുകൾ ലഭിച്ചിട്ടുള്ള ജീവനക്കാർ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കാൻ പാടുള്ളതല്ല. മേൽ പ്രകാരം സ്ഥാനക്കായറ്റം നൽകിയിരിക്കുന്ന ജീവനക്കാരിൽ ആരെങ്കിലും അച്ചടക്ക നടപടികൾ നേരിടുന്നു എങ്കിൽ സ്ഥാപനമേധാവികൾ അവരെ വിടുതൽ ചെയ്യാൻ പാടില്ല കൂടാതെ വിവരം ഈ ഓഫീസിലേക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിവര ശേഖരണം നടത്തുന്ന സമയത്തു ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ അതിനു ശേഷം മാറിയിട്ടുണ്ടെങ്കിൽ അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാതു ജില്ലകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകേണ്ടതുമാണ്. ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല. ജീവനക്കാരുടെ വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

പ്രസ്തുത ഉത്തരവ് പരാമർശം ( 1 ) പ്രകാരമുള്ള ബഹു: കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

Dr MEENAKSHY V

ADDITIONAL DIRECTOR OF HEALTH SERVICES

Signed by
Meenakshy V
Date: 26-05-2025 23:18:45

സ്വീകർത്താവ്

സ്ഥാപന മേധാവികൾ/ ജീവനക്കാർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്)

പകർപ്പ്

1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2)ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്,

പാലക്കാട്,പത്തനംതിട്ട,ഇടുക്കി,കൊല്ലം,തൃശ്ശൂർ ജില്ലകൾ.

3) ഫയൽ/ കരുതൽ ഫയൽ.